# ALLURA

MKHMMOHSS MANASSERY

ആമുഖം

ഉള്ളടക്കം

ആശംസ

സ്കൂൾ പ്രവർത്തനങ്ങൾ

# EDITORIAL BOARD



VISHAL AS

## CHEIF EDITOR

## SUD EDITORS

1.HASSAN MUHAMMAD SHAFIN
2.MUHAMMAD MISBAH
3.AJUVAD ABDUL KAREEM

# ആമുഖം

കോഴിക്കോട് ജില്ലയിലെ ഏറ്റവും നല്ല വിദ്യാലയങ്ങളിൽ ഒന്നാണ്.2000 വിദ്യാലയത്തിലെ ഹൈസെക്കൻഡറി വിഭാഗം പ്രവർത്തനം ആരംഭിച്ചു. മൂന്നേക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് രണ്ട് കെട്ടിടങ്ങളിലായി 15 ക്ലാസ് മുറികളും ഹൈസെക്കൻഡറിക്ക് ഒരു കെട്ടിടത്തിലായി 10 ക്ലാസ് മുറികളും ഉണ്ട്. അതിവിശാലമായ ഒരു കളി സ്ഥലം വിദ്യാലയത്തിനുണ്ട്. ഹൈസ്കൂളിനും ഹൈസെക്കൻഡറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകൾ ഉണ്ട്. രണ്ട് ലാബുകളിലായി ഏകദേശം 35 കമ്പ്യൂട്ടറുകൾ ഉണ്ട്. രണ്ടു ലാബുകളിലും ബ്രോഡ്ബാൻഡ് ഇൻറർനെറ്റ് സൗകര്യം ലഭ്യമാണ്. എല്ലാ ക്ലാസ് റൂമുകളും ഹൈടെക് ആണ്. ഓരോ ക്ലാസ് റൂമും ഇൻറർനെറ്റ് സൗകര്യം ലഭ്യമാണ്.

# ആശംസ

ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ പുറത്തിറക്കുന്ന അല്ലറ എന്ന മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. ഇത്തരം മാഗസിനുകളിലൂടെ കുട്ടികളുടെ വിവിധതരം കഴിവുകൾ പ്രകടിപ്പിക്കുവാനുള്ള അവസരം ലഭിച്ചു. ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു

MANSOOR ALI T.P
HEAD MASTER
MKHMMOHSS

# ഉള്ളടക്കം

മുക്കം മുസ്ലിം അനാഥശാലക്ക് കീഴിൽ മണാശ്ശേരിയിൽ പ്രവർത്തിക്കുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് മൊയ്തീൻ കോയ ഹാജി മെമ്മോറിയൽ മുക്കം ഓർഫനേജ് ഹൈസ്കൂൾ. 1956 ൽ 22 അനാഥ മക്കൾക്ക് അഭയം നൽകി തുടക്കം കുറിച്ചതാണ് മുക്കം മുസ്ലീം ഓർഫനേജ്. 1992 വരെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹൈസ്കൂൾ പഠനം മുക്കം മുസ്ലീം അനാഥശാല കമ്മിറ്റിക്ക് കീഴിൽ മുക്കത്ത് പ്രവർത്തിക്കുന്ന ഇന്നത്തെ ഗേൾസ് ഹൈസ്കൂളിൽ വെച്ചായിരുന്നു. മണാശ്ശേരിയിലെ ഹോസ്റ്റലിൽ താമസിച്ചിരുന്ന ആൺകുട്ടികൾ അന്ന് നടന്നായിരുന്നു സ്കൂൾ പഠനത്തിന് വേണ്ടി മുക്കത്ത് എത്തിയിരുന്നത്. ഇതിനൊരു പരിഹാരമായിട്ടാണ് ആൺകുട്ടികൾക്ക് മാത്രമായി മണാശ്ശേരിയിലെ നെല്ലിക്കുന്നിൽ പുതിയ സ്കൂൾ ആരംഭിച്ചത്. ഹൈസ്കൂൾ പഠനത്തിന് ദൂരെയുള്ള വിദ്യാലയങ്ങളെ ആശ്രയിച്ചിരുന്ന പരിസര പ്രദേശത്തുള്ള കുട്ടികൾക്കും ഈ വിജ്ഞാനാനകേന്ദ്രം ഇന്ന് ഒരു അനുഗ്രഹമായിമാറി. പിന്നീട് പെൺകുട്ടികൾക്കും ഈ സ്ഥാപനത്തിൽ പ്രവേശനം വേണമെന്ന് ആവശ്യം നാട്ടുകാരിൽ നിന്നും ഉയർന്നു വന്നു . തുടർന്ന് പിടിഎയും മാനേജ്മെൻറും ഇടപെട്ട് സർക്കാറിന്റെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരികയും 2006 മുതൽ പെൺകുട്ടികൾക്കും പ്രവേശനം നൽകാം എന്ന ഉത്തരവിറങ്ങുകയും ചെയ്തു. മാത്രമല്ല 2006 മുതൽ എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളും ആരംഭിച്ചു . ഇന്ന് യുപി ,ഹൈസ്കൂൾ , ഹയർ സെക്കൻഡറി വിഭാഗങ്ങളിലായി ഇവിടെ വളരെ നല്ല രീതിയിൽ പഠനം നടന്നുവരുന്നു.

1993 സെപ്റ്റംബർ മാസം ആറാം തീയതി മുതലാണ് ഈ സ്ഥാപനത്തിൽ പഠനം ആരംഭിക്കുന്നത്. മുക്കത്തെ എം കെ എച്ച് എം എം ഓ വി എച് എസ് എസ്സിലെ ആൺകുട്ടികളെ മണാശേരിയിലെ പുതിയ സ്കൂളിലേക്ക് മാറ്റിയാണ് ആദ്യഘട്ടത്തിൽ പ്രവർത്തനം ആരംഭിച്ചത്. ബിൽഡിങ്ങ് പണി പൂർണ്ണമാവാത്തതിനാൽ താൽകാലികമായി 1993–1994 അധ്യായന വർഷം മുക്കത്ത് വെച്ച് തന്നെയായിരുന്നു പഠനം. എം കെ എച്ച് എം എം ഓ എച്ച് എസ് ഫോർ ബോയ്സ് എന്ന നാമകരണത്തിലാണ് ഈ വിദ്യാലയം അന്ന് അറിയപ്പെട്ടത്. 1994 ഏപ്രിൽ മാസം ഒമ്പതാം തീയതി അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ഇടി മുഹമ്മദ് ബഷീർ സാഹിബ് ഈ സ്കൂൾകെട്ടിടം ഔപചാരികമായി ഉദ്ഘാടനം ചെയ്തു . പൊതുമരാമത്ത് വകുപ്പ് മന്ത്രി പി കെ കെ ബാവ സാഹിബ് ആയിരുന്നു ഉദ്ഘാടന പരിപാടി നിയന്ത്രിച്ചിരുന്നത്. മുക്കത്ത് ജോലി ചെയ്ത് വരുന്ന26 അധ്യാപകരും രണ്ട് ഓഫീസ് സ്റ്റാഫും ആദ്യഘട്ടത്തിൽ തന്നെ മണാശ്ശേരി ബോയ്സ് ഹൈസ്കൂളിൻറെ ഭാഗമായി . ടി എ അംബിക ടീച്ചർ ആയിരുന്നു ആദ്യത്തെ ഹെഡ്മിസ്ട്രസ്സ് ഇൻ ചാർജ്. കാരണം പുതിയ ഹെഡ്മാസ്റ്റർ തസ്തിക 5 വർഷത്തിന് ശേഷമാണ് അനുവദിക്കപ്പെട്ടത്.

# ജ്വലിക്കുന്ന ദേശത്തിന്റെ കഥ വായന കുറിപ്പ്

ജ്വലിക്കുന്ന ദേശത്തിന്റെ കഥ വിയറ്റ്നാം ജനതയ്ക്ക് വർഷങ്ങൾ നീണ്ടുനിന്ന രണ്ടു യുദ്ധങ്ങളിൽ ഏർപ്പെടേണ്ടിവന്നിട്ടുണ്ട്. ഇതിൽ ഏറ്റവും ഭീകരവും ലോക മനഃസാക്ഷിയെ പിടിച്ചുലച്ചതുമായത് അമേരിക്കയുമായുണ്ടായ യുദ്ധമാണ്. വിയറ്റ്നാമിലെ കേവലം പ്രാദേശികമായ ഒരാഭ്യന്തരയുദ്ധത്തെ അമേരിക്ക അന്താരാഷ്ട്രയുദ്ധമാക്കി മാറ്റുകയും വെടിയുതിർത്തും ടൺകണക്കിന് ബോംബുകൾ വർഷിച്ചു.

BY AVANTHIKA 9B

# FREEDOM FEST 2023

# ഈ സ്ഥാപനത്തിലെ പ്രഥമ ഗൈഡ്സ് ബാച്ച്

2019 ജൂൺ 2ന് കുട്ടികളുടെയും രക്ഷിതാക്കളുടേയും ഒരു meeting സംഘടിപ്പിക്കുകയും ഗൈഡ് യൂണിറ്റിൽ ചേരാൻ താല്പര്യമുള്ള 15കുട്ടികളെ ചേർത്ത് ഒരു ഗൈഡ് രൂപീകരിച്ചു.

ദിനചാരണ പരിപാടികൾ വിവിധ പരിപാടികൾ ആസൂത്രണം ചെയ്തു. June 5ന് പരിസ്ഥിതി ദിനചാരണത്തിന്റെ ഭാഗമായി ഗൈഡ് കുട്ടികളുടെ നേതൃത്വത്തിൽ തൈ നട്ടു. കൂടാതെ പരിസ്ഥിതി പോസ്റ്റർ നിർമിച്ചു. ജൂലയ് 6ന് സി ഒ എച് കൂട്ടുകയും ഗൈഡ് കുട്ടികളെ രണ്ട് പട്രോൾ ആയി തിരിച്ചു. July 11ന് ലോകജനസംഖ്യ ദിനചാരണം പ്രമാണിച്ച് വിവിധ പരിപാടികൾ നടത്താൻ തീരുമാനിച്ചു. കാർട്ടൂൺ മത്സരം, ചാർട്ട് മത്സരം എന്നിവ സംഘടിപ്പിച്ചു. ഓണാഘോഷ പരിപാടികൾക്കായി നീക്കി വച്ച പണം ദുരിശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തു.സെപ്റ്റംബർ 5 അധ്യാപക ദിനത്തിൽ കുട്ടികൾ വിവിധ വിഷയങ്ങൾ പഠിപ്പിക്കുന്ന അധ്യാപകർ ആയി. ഒക്ടോബർ 2ന് ഗാന്ധി ജയന്തിയോടനുബന്ധിച്ച് സ്കൂൾ പരിസരം വൃത്തിയാക്കി. നവംബർ 14 ശിശുദിനം ആഘോഷിക്കാൻ തീരുമാനിച്ച് ശിശുദിനത്തിൽ സമീപത്തെട്ടുള്ള അംഗനവാടി സന്ദർശിച്ച പെൻസിൽ, റബ്ബർ, ബലൂൺ എന്നിവ നൽകി.ഗൈഡ് യൂണിറ്റിൽ ലഭിച്ച സർട്ടിഫിക്കറ്റുകൾ

# സോഷ്യൽ സയൻസ് ക്ലബ്ബ്

2023 24 അധ്യാന വർഷം വിവിധ പ്രവർത്തനങ്ങൾ സോഷ്യൽ സയൻസ് ക്ലബ്ബിൻറെ നേതൃത്വത്തിൽ നടത്തുകയുണ്ടായി . ജൂൺ അഞ്ചിന് പരിസ്ഥിതി ദിനാചരണത്തിന് ഭാഗമായി വീട്ടിൽ ഒരുതൈനടാം പദ്ധതി നടപ്പിലാക്കി .കൂടാതെ പോസ്റ്റർ നിർമ്മാണം നടത്തി .ജൂലൈ 15ന് ജനസംഖ്യ ദിനം ആചരിച്ചു .കാർട്ടൂൺ മത്സരം പ്രസംഗ മത്സരം എന്നിവ ഓൺലൈനായി സംഘടിപ്പിച്ചു .ആഗസ്റ്റ് മാസത്തിൽ ഹിരോഷിമ–നാഗസാക്കി ദിനാചരണം നടത്തി .യുദ്ധവിരുദ്ധ പോസ്റ്ററുകൾ സഡാക്കോ കൊക്കുകളുടെ നിർമ്മാണം എന്നിവർ നടത്തി. സെപ്റ്റംബർ അഞ്ചിന് അധ്യാപക ദിനാഘോഷത്തിന് ഭാഗമായി 8 9 10 ക്ലാസ്സുകളിലെ സോഷ്യൽ സയൻസ് പഠിപ്പിക്കുന്ന ടീച്ചേഴ്സ് ആയി കുട്ടികൾ മാറി. നവംബർ 14ന് ശിശുദിനാഘോഷ ത്തിന്റെ ഭാഗമായി മാഗസിൻ തയ്യാറാക്കി. ഇതിൻറെ ഭാഗമായി സ്കൂളിൽ സമൂഹ ചിത്രരചന നടത്തി. ചിത്രകലാ അധ്യാപകൻ നിയാസ് ഉദ്ഘാടനം നടത്തി മൻസൂർ സാർ മൈമൂന ടീച്ചർ സാർ എന്നിവർ പ്രഭാഷണം നടത്തി സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് വിവിധ ചിത്രങ്ങൾ കുട്ടികൾ കാൻവാസിലേക്ക് പകർത്തി

# മാതൃഭാഷാ ദിനം 2023

## മാതൃഭാഷാദിനത്തിൽ വിദ്യാർത്ഥികൾനൽകുന്ന സന്ദേശങ്ങൾ

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ, മർത്യനു പെറ്റമ്മ തൻഭാഷതാൻ മാതൃഭാഷയുടെ പ്രാദാന്യത്തേക്കുറിച്ച് മലയാളത്തിലെ മഹാകവി വള്ളത്തോളിന്റെ വരികളാണിവ മാതൃ ഭാഷയെ പെറ്റമ്മയോട് ഉപമിക്കുകയാണ് കവി ഇവിടെ. ഈ വരികളിൽ മാതൃ ഭാഷയുടെ ജീവൽപ്രാധാന്യം എന്താണെന്ന് വ്യക്തമാകും. ചിന്തയുടെ മാധ്യമമാണ് ഭാഷ വിദ്യാഭ്യാസത്തിന്റെ മാധ്യമവും ഭാഷ തന്നെ.ഇന്ന് പലരും എനിക്ക് മലയാളം അറിയില്ലെന്ന് അഭിമാനത്തോടെ പറയുന്നു എന്നാൽ അവർക്ക് തെറ്റ് പറ്റിയിരിക്കുന്നു. മലയാളം അറിയാത്ത മലയാളി മലയാളക്കരക്ക് തന്നെ അപമാനമാണ്. ഇനിയുള്ള തലമുറയ്ക്ക് മലയാളം ഒരു കേട്ട് കേൾവി മാത്രമാവുമെന്നകാര്യത്തിൽ ഒരു സംശയവും ഇല്ല. അതൊക്കെ വച്ച നോക്കുമ്പോൾ നമ്മൾ എത്രഭാഗ്യവാന്മാരാണ്. കാരണം മലയാളം എന്ന പെറ്റമ്മയെ തോറ്ററിയാനുള്ള ഭാഗ്യം ഇന്നത്തെ തലമുറയിലുള്ളവർക്ക് ലഭിച്ചു. "എന്നാൽ അടുത്ത തലമുറയെ "അത് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ഈ അവസരത്തിൽ നാടോടുമ്പോൾ നടുവേ ഓടുകയല്ല വേണ്ടത് ഒരു മുഴം മുന്നേ ഓടുകയാണ്. മലയാളം പഠിക്കുക എന്നാൽ ഒരു ഭാഷ പഠിക്കുക എന്നല്ല അർത്ഥം അതിലുപരി നമ്മുടെ മാതൃ സംസ്കാരത്തിന്റെ സാധനം ആസ്വധിക്കുക്കുക എന്നതുകൂടിയണ്. ആദ്യ ദ്രാവിഡ ഭാഷയിൽ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാൽ സ്വതന്ത്രമായി വികസിച്ചതാണ് മലയാളം.12 ആം നൂറ്റാണ്ടിൽ പ്രത്യേക ഭാഷ എന്നാ നിലയിലും സാഹിത്യ ഭാഷ എന്ന നിലയിലും മലയാളം രുപപ്പെട്ടതായി പൊതുവെ പറയുന്നു. 16ആം നൂറ്റാണ്ടിൽ തുഞ്ചത്തെഴുത്തച്ഛന്റെ കൃതികളോട് മലയാളത്തിന്റെ തന്നതായ സാഹിത്യ ഭാഷ രുപപ്പെട്ടു. ഇതിനു ശേഷമുള്ള കാലത്തെ മലയാളത്തിന്റെ ആധുനിക കളമയാണ് കണക്കാക്കുന്നത്. മലയാളം കൈരളി എന്നും അറിയപ്പെടുന്നു. എന്നാൽ ഇന്ന് മലയാള ഭാഷ മരണം മന്ത്രിക്കുകയാണ്. ചരിത്രത്തോളം പഴക്കമുള്ള മലയാളം ചരമമടയുകയാണ്. മേഘസന്ദേശവും തളിയുലകളും പത്രത്താഴുകലും എഴുതും എല്ലാം ഇന്റർനെറ്റ്  sms ഇമെയിൽ മൊബൈൽ എന്നിവയ്ക്ക് മുന്നിൽ വഴി മാറുമ്പോൾ, ഇംഗ്ലീഷ് ഭാഷയ്ക്കു മുന്നിൽ മലയാളവും ഉടൻ അടിയറവു പറയേണ്ടി വരും. മലയാളം നമ്മുടെ അഭിമാനമാണ് അത് നമ്മുടെ സംസ്കാരമാണ് അനുഭവത്തിന്റെ ആത്മാവിന്റെ ഭാഷയാണ് മലയാളം ഇന്ന് പലരും എനിക്ക് മലയാളമാറിയില്ലെന്ന് അഭിമാനത്തോടെ പറയുന്നു എന്നാൽ അവർക്ക് തെറ്റ് പറ്റിയിരിക്കുന്നു. അവർ മലയാളകരയ്ക്ക് തന്നെ അപമാനമാണ്.ലോകത്തിലുള്ള 2796 ഭാഷകളിൽ 77ആം സ്ഥാനമാണ് മലയാളത്തിനുള്ളത് കേവലം 80 ലക്ഷം പേർ മാത്രം സംസാരിക്കുന്ന സ്വീഡിഷ് ഭാഷയ്ക്കും 100ലക്ഷം പേർ മാത്രം സംസാരിക്കുന്ന ഗ്രീക്ക് ഭാഷയ്ക്കും ലോകത്ത് ഉന്നതസ്ഥാനങ്ങൾ ഉള്ളപ്പോൾ നാം ലജ്ജിച്ച് തലത്താഴത്തേണ്ടിയിരിക്കുന്നു. അവർ മാതൃ ഭാഷയോട് കാണിക്കുന്ന സ്നേഹവും ആദരവും നാം കണ്ടുപഠിക്കേണ്ടിയിരിക്കുന്നു.300ലക്ഷതിലധികം മലയാളികൾ മാതൃ ഭാഷയോട് കാണിക്കുന്ന അനാസ്ഥ മറ്റാരും കാണിക്കാത്തതാണ്. ഹൈ ടെക് ജനത അന്യഭാഷയ്ക്ക് അടിമപ്പെടുകയാണോ? എന്നാൽ അടിമതത്തിന്റെ ഒരു ചുവയുണ്ടാവിടെ.ഏത് യന്ത്രവൽകൃത ലോകത്ത് ജീവിച്ചാലും ഏത് സാങ്കേതിക വിദ്യയുടെ ചുവട്ടിൽ കിടന്നാലും മലയാളത്തെയും സംസ്കാരത്തെയും മറക്കുന്നത് പെട്ടമ്മയെ നടക്കുന്നതിനു തുല്യമാണ്.6 മലയാളിക്ക് 100 മലയാളം,  മലയാളിക്ക് 1 മലയാളം, ഒരുമലയാളിക്കും മലയാലമില്ല. എന്നാ കുഞ്ഞുണ്ണിമാഷിന്റെ വരികൾ.എന്നാൽ വരികളെ പോലെ ഇന്ന് മലയാളിക്ക് മലയാളമില്ല.56 അക്ഷരമല്ലെന്റെ മലയാളം 51 അക്ഷരവും അല്ല. മലയാളം എന്നാ നാലക്ഷരവുമല്ല. അമ്മ എന്നാ ഒറ്റക്ഷരമാണ് മണ്ണ് എന്ന ഒറ്റക്ഷരമാണെന്റെ മലയാളം ഇന്ന് കുഞ്ഞുണ്ണമാഷ് പറഞ്ഞപോലെ അമ്മയാണ് മണ്ണാണ് എന്ന തിരിച്ചറിവ് ഓരോ മലയാളിക്കും ഉണ്ടാകണം. ജനനി "ജന്മഭൂമിശ്ച്വാ ;സർഗതപി ശരിയസി " എന്ന ആപ്ത വാക്യാമനുസരിച് പെറ്ക്മ്മയ്ക്കും പിറന്ന ഭൂ മിയ്ക്കും പ്രധാനം കളിക്കുന്നത് പോലെ മാതൃ ഭാഷയ്ക്ക് അർഹമായ സ്ഥാനം നൽകേണ്ടതുണ്ട്. പ്രതിസന്ധികൾ തരണം ചെയ്തുകൊണ്ട് വളർച്ചയുടെ പുതിയ പടികൾ കടന്ന് നമ്മുടെ മലയാളം മുന്നേറുമെന്ന് നമുക്ക് പ്രത്യാശിക്കാം......

# ഗണിത ക്ലബ്ബ്

പാഠഭാഗങ്ങളിലെ പ്രധാനപ്പെട്ട സമവാക്യങ്ങൾ തത്വങ്ങൾ എന്നിവയും ചുമർപത്രിക യിൽ പ്രദർശിപ്പിച്ചു നിത്യജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഗണിത ശാസ്ത്രം വസ്തുതകളെ സംഖ്യകൾ ഉപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നു ജീവിതത്തിൻറെ എല്ലാ മേഖലകളെയും ഗണിത ശാസ്ത്ര പഠനം വളരെയേറെ സ്വാധീനിക്കുന്നുണ്ട് ചിന്തയെ തെളിമയുള്ള ആക്കുകയും വസ്തുതകളെ ശാസ്ത്രീയമായി അപഗ്രഥിക്കുന്നത് സഹായിക്കുകയും ചെയ്യുന്നു

ഗണിത ശേഷി നേടുക എന്നത് കേവലം ഗണിതക്രിയകൾ ചെയ്തു ഉത്തരത്തിൽ എത്തുക എന്ന് അതിനുമപ്പുറത്ത് അതിലെ ആസ്വാദന ഹെലൻ കോടി സ്വായത്തമാക്കുന്ന അതിനുവേണ്ടി യാണ് ഗണിത ക്ലബ്ബ് പ്രവർത്തിക്കുന്നത്

കുട്ടികളിൽ ഗണിതത്തിൽ താല്പര്യം ഉണ്ടാക്കുന്നതിനും ഗണിതത്തിലെ പുതിയ കണ്ടുപിടുത്തങ്ങൾ എയും അവയുടെ വളർച്ചയെയും കുറിച്ചുള്ള ധാരണ നേടാനും നമ്മുടെ പരിസരങ്ങളിൽ കാണുന്ന എല്ലാ വസ്തുക്കളിലും ഗണിതത്തിലെ തത്വങ്ങൾ അടങ്ങിയിട്ടുണ്ട് എന്ന കാര്യം അനുഭവത്തിലൂടെ ബോധ്യപ്പെടുത്തുന്നതിനും ഈ സ്ഥാപനത്തിലെ ഗണിത അധ്യാപകരുടെ നേതൃത്വത്തിൽ ഗണിത ക്ലബ്ബ് പ്രവർത്തിച്ചുവരുന്നു

## 2023 24 അക്കാദമിക വർഷത്തിൽ ഗണിത ക്ലബ്ബിൻറെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ

സ്വാതന്ത്ര്യ ദിനത്തിൽ പതാക നിർമാണ മത്സരം

ഓണാഘോഷത്തോടനുബന്ധിച്ച് പൂക്കളമത്സരം ജ്യോമട്രിക്കൽ പാറ്റേണുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട്

നമ്പർ കാർഡുകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ്

രാമാനുജൻ ജന്മദിനമായ ഡിസംബർ 22 ദേശീയ ഗണിത ശാസ്ത്ര ദിനം ആചരിച്ചു

എല്ലാ ക്ലാസിലും മാത്തമാറ്റിക്സ് ഡോട്ട് കോം ചുവർ പത്രിക ഉദ്ഘാടനം ബഹുമാനപ്പെട്ട മാസ്റ്റർ ജാഫർ സാർ നിർവഹിച്ചു

കുട്ടികൾക്ക് ഗണിതകഥകൾ ഗണിത പാറ്റേണുകൾ ഗണിത ക്വിസ് ഗണിത തിളക്കം തുടങ്ങിയവ അവിടെ പ്രദർശിപ്പിച്ചു .

ദേശീയ ഗണിത ദിനത്തോടനുബന്ധിച്ച് ന്യൂനസംഖ്യകൾ എന്ന ആശയങ്ങൾ കുട്ടികളിലേക്ക് എത്തിക്കാൻ

മാജിക് ഗെയിം നടത്തുകയുണ്ടായി

## 2023 24 അക്കാദമിക വർഷത്തിൽ ഗണിത ക്ലബ്ബിൻറെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ

സ്വാതന്ത്ര്യ ദിനത്തിൽ പതാക നിർമാണ മത്സരം

ഓണാഘോഷത്തോടനുബന്ധിച്ച് പൂക്കളമത്സരം ജ്യോമട്രിക്കൽ പാറ്റേണുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട്

നമ്പർ കാർഡുകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ്

രാമാനുജൻ ജന്മദിനമായ ഡിസംബർ 22 ദേശീയ ഗണിത ശാസ്ത്ര ദിനം ആചരിച്ചു

എല്ലാ ക്ലാസിലും മാത്തമാറ്റിക്സ് ഡോട്ട് കോം ചുവർ പത്രിക ഉദ്ഘാടനം ബഹുമാനപ്പെട്ട മാസ്റ്റർ ജാഫർ സാർ നിർവഹിച്ചു

കുട്ടികൾക്ക് ഗണിതകഥകൾ ഗണിത പാറ്റേണുകൾ ഗണിത ക്വിസ് ഗണിത തിളക്കം തുടങ്ങിയവ അവിടെ പ്രദർശിപ്പിച്ചു .

ദേശീയ ഗണിത ദിനത്തോടനുബന്ധിച്ച് ന്യൂനസംഖ്യകൾ എന്ന ആശയങ്ങൾ കുട്ടികളിലേക്ക് എത്തിക്കാൻ

മാക്സ് ഗെയിം നടത്തുകയുണ്ടായി

## ചാന്ദ്രദിനം

2023ലെ ദിനാചരണങ്ങൾ ഓൺലൈൻ വഴി ഒന്നൊന്നായി ആചരിച്ചു കൊണ്ടിരിക്കുകയാണ് . എന്നാൽ2016 നിറഞ്ഞ സദസ്സിനു മുൻപിൽ നിയാസ് സാർ ഹൈ സ്കൂളിലെ വിദ്യാർത്ഥികൾ വിദ്യാർത്ഥികൾക്കൊപ്പം ചാന്ദ്രദിനം

ആഘോഷിക്കാൻ ഇവിടെ എത്തിയത് ആനന്ദത്തോടെ ഇവിടെ തുന്നിച്ചേർക്കാൻ ശ്രമിക്കുകയാണ്. സന്തോഷങ്ങളും സൗഹൃദങ്ങളും നിറഞ്ഞ സ്കൂളുകളിലേക്ക് ഏറ്റവുമടുത്തതന്എന്നെത്തിച്ചേരാൻ സാധിക്കട്ടെ എന്ന പ്രാർത്ഥനയോടെ ഈ വർഷത്തെ ചാന്ദ്രദിനത്തിന് തുടക്കം കുറിച്ചത്.


Lasya 23
ARTS FEST
MKH MMO HSS
MANASSERY
OCT. 26,27
Inauguration
ARUNAMSHU
DEV
(CINI ARTIST)







**THANKS**